കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

176 (4979) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നേരിട്ടും മറ്റ് സ്കീമുകൾ മുഖേനയുമായി നിലവിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾ എവിടെയെല്ലാം ; ഏതെല്ലാം പഞ്ചായത്തിൽ ; വിശദമായി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ, ജലലഭ്യത അനുസരിച്ച് പൈപ്പ് ലൈനും വിതരണ സംവിധാനങ്ങളും വികസിപ്പിച്ച് കൂടുതൽ പേർക്ക് ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; ഇതിനായി എത്ര ചെലവ് പ്രതീക്ഷിയ്ക്കുന്നുണ്ട് ; വിശദമാക്കാമോ ;

(സി) തീരപ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന് പുതുതായി എന്തെങ്കിലും പദ്ധതി കൊയിലാണ്ടിയിൽ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശിക്കാൻ കഴിയുമോ; എങ്കിൽ എത്ര സമയം കൊണ്ട് പുതിയ പദ്ധതിരേഖ തയ്യാറാക്കി വാട്ടർ അതോറിറ്റി സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

(i) കൊയിലാണ്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നേരിട്ട് പ്രവർത്തിപ്പിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ പറയുന്നു :

കൊയിലാണ്ടി മുനിസിപ്പാലിറ്റി

1. കൊല്ലം ശുദ്ധജല വിതരണ പദ്ധതി
2. കൊയിലാണ്ടി ശുദ്ധജലവിതരണ പദ്ധതി
3. കോമത്തുകര ശുദ്ധജലവിതരണ പദ്ധതി
4. വരകുന്ന് ശുദ്ധജലവിതരണ പദ്ധതി
5. കക്രാട്ട്കുന്ന് ശുദ്ധജലവിതരണ പദ്ധതി
6. മുഴിക്കൽമീത്തൽ ശുദ്ധജലവിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുടാടി പഞ്ചായത്ത്

1. മൊയിലൂർകുന്ന് ശുദ്ധജലവിതരണ പദ്ധതി

2. വിരവഞ്ചേരി ശുദ്ധജലവിതരണ പദ്ധതി,

തിക്കോടി പഞ്ചായത്ത്

1. തിക്കോടി ശുദ്ധജല വിതരണ പദ്ധതി

2. കിടഞ്ഞിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി

പയ്യോളി പഞ്ചായത്ത്

1. കോട്ടക്കുന്ന് ശുദ്ധജലവിതരണ പദ്ധതി

2. കോട്ടത്തുരുത്തി ശുദ്ധജലവിതരണ പദ്ധതി

3. പയ്യോളി ശുദ്ധജലവിതരണ പദ്ധതി

4. ഇരിങ്ങൾ ശുദ്ധജലവിതരണ പദ്ധതി

അരിക്കുളം പഞ്ചായത്ത്

പുതേരിപ്പാറ ശുദ്ധജലവിതരണ പദ്ധതി

മേപ്പയ്യൂർ പഞ്ചായത്ത്

1. കോട്ടക്കുന്ന് രയാട്ട്കുന്ന് ശുദ്ധജല വിതരണ പദ്ധതി

2. മേപ്പയ്യൂർ ൗൺ ഇംപ്രൂവ്മെന്റ് ശുദ്ധജലവിതരണ പദ്ധതി

3. ധർമ്മക്കുന്ന് നെടുമ്പ്രക്കുന്ന് ശുദ്ധജലവിതരണ പദ്ധതി

4. പൊട്ടൻകണ്ടി ശുദ്ധജലവിതരണ പദ്ധതി

5. മേപ്പയ്യൂർ ശുദ്ധജലവിതരണ പദ്ധതി

കോട്ടൂർ പഞ്ചായത്ത്

കരുവട്ടിമല ശുദ്ധജലവിതരണ പദ്ധതി

അത്തോളി പഞ്ചായത്ത്

1. അത്തോളി ശുദ്ധജലവിതരണ പദ്ധതി

2. പുല്ലിലാമല ശുദ്ധജലവിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ണികുളം പഞ്ചായത്ത്

1. ഉളിങ്കുന്ന് ശുദ്ധജലവിതരണ പദ്ധതി

2. ഉണ്ണിക്കുളം ശിവപുരം ശുദ്ധജലവിതരണ പദ്ധതി

3. പൂനൂർ ശുദ്ധജലവിതരണ പദ്ധതി

4. നീലഞ്ചേരി മല ശുദ്ധജലവിതരണ പദ്ധതി

(ii) മറ്റ് സ്കീമുകൾ

കൊയിലാണ്ടി മണ്ഡലത്തിൽ, ജലനിധി ഒന്നാംഘട്ടത്തിൽ, ചെങ്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 29 കുടിവെള്ള പദ്ധതികളും ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 28 കുടിവെള്ള പദ്ധതികളും നടപ്പാക്കി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതാണ്.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കൊയിലാണ്ടി കുടിവെള്ള പദ്ധതിയിൽ ടാങ്കില്ലാത്തതിനാൽ നേരിട്ട് വിതരണ ശൃംഖലയിലേക്ക് പമ്പ് ചെയ്താണ് ജലവിതരണം നടത്തുന്നത്. ജലലഭ്യതയുള്ള ഈ പദ്ധതിയിൽ പുതുതായി ഒരു ഉന്നതതല സംഭരണി നിർമ്മിച്ച് വിതരണ ശൃംഖല ദീർഘിപ്പിച്ചാൽ ഉരുകുലം ബീച്ച് കുത്തമ്പള്ളി എന്നീ തീരപ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന 12-ഓളം കുടുംബങ്ങൾക്ക് ജലവിതരണം നടത്താൻ കഴിയും. ഇതിനായി ഉദ്ദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ഉരുകുലം, കുത്തമ്പള്ളി എന്നീ തീരപ്രദേശങ്ങളിലായി കുടിവെള്ള വിതരണം നടത്തുന്നതിനായി ഉദ്ദേശിക്കുന്ന മേൽ പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ലഭ്യമാകുകയാണങ്കിൽ വിശദമായ പഠനം നടത്തി ഒരു മാസത്തിനുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ വാട്ടർ അതോറിറ്റിക്ക് കഴിയുന്നതാണ്.

ചേർത്തലയിലെ കുടിവെള്ള വിതരണം

177 (4980) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈനിൽ മറവൻതുരുത്ത് മേഖലയിലുള്ള ഏകദേശം നാലര കിലോമീറ്റർ ദൂരം ജി.ആർ.പി.